പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4098 — 21.07.2015-ലെ മറുപടിക്ക്

## ക്ഷീരകർഷകർക്കുള്ള സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് ഇപ്പോൾ പാലുല്പാദനത്തിനായി നല്കി വരുന്ന സബ്സിഡി തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ; | (എ) ക്ഷീരോല്പാദനച്ചെലവ്, സ്ഥലപരിമിതി, രോഗങ്ങൾ എന്നിവ മൂലം ചെലവ് കൂടുന്നതിനാലും പ്രത്യേകിച്ച് കാലിത്തീറ്റ-ച്ചെലവ് കേരളത്തിൽ അയൽസംസ്ഥാന-ങ്ങളെക്കാൾ കൂടുതലായതിനാലും കേരളത്തിൽ ക്ഷീരകർഷകർക്ക് നിലവിൽ പാലുല്പാദന-ത്തിനായി നല്കുന്ന സബ്സിഡി തൃപ്തികരമാ-ണെന്ന് കരുതുന്നില്ല. |
| (ബി) അയൽസംസ്ഥാനങ്ങളിൽ ക്ഷീരകർഷകർക്ക് നല്കിവരുന്ന സബ്സിഡി, ഇവിടുത്തെ കർഷകർക്ക് നല്കുന്നതിനേക്കാൾ കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ; | (ബി) ഉണ്ട്. അയൽസംസ്ഥാനങ്ങളായ കർണ്ണാടകയിൽ സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് ലിറ്ററിന് നാല് രൂപാ നിരക്കിൽ ഇൻസെന്റീവ് നല്കി വരുന്നുണ്ട്. തമിഴ്നാട്ടിൽ ക്ഷീരസഹകരണ യൂണിയനുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അധികനിരക്ക് മാത്രമേ നല്കിവരുന്നുള്ളൂ. കേരളത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ലിറ്ററിന് ഒരു രൂപാ നിരക്കും, ത്രിതല പഞ്ചായത്തു പദ്ധതികളിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലിറ്ററിന് പരമാവധി മൂന്ന് രൂപയുമാണ് കാലിത്തീറ്റ സബ്സിഡിയായി നല്കിവരുന്നത്. |
| (സി) എങ്കിൽ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് അതിനനുസൃതമായി സബ്സിഡി തുക വർദ്ധിപ്പിച്ചു നല്കുമോ?. | (സി) സബ്സിഡി തുക വർദ്ധിപ്പിക്കുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ